## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 152** **05.12.2018 -ൽ**
**മറുപടിക്ക്.**

### പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി സി.കെ ആശ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**,, ഇ.കെ വിജയൻ**<br>**,, ഇ.ടി ടൈസൺ മാസ്റ്റർ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണം കാര്യക്ഷമമാക്കുന്നതിനായി അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി, ആതറൈസ്ഡ് ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു, ഇ-പോസ് സംവിധാനം ഏർപ്പെടുത്തി, പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ഡി.ജി.ആർ.ഒ മാരായി എ.ഡി.എം മാരെ നിയമിച്ചു, സംസ്ഥാന ഭക്ഷ്യകമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനെ നിയമിച്ചു, വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി ആരംഭിച്ചു, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ വകുപ്പ് 40 പ്രകാരം സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു, പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി. തുടർച്ചയായ പുനരവലോകനം നടത്തുന്നതിന് കേരള സർവകലാശാലയെ ചുമതലപ്പെടുത്തി. റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ എല്ലാം ഓൺലൈനായി സ്വീകരിച്ച് കാർഡ് വിതരണം നടന്നു വരുന്നു. ഭക്ഷ്യധാന്യം വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പേരൻസി പോർട്ടലിലൂടെ ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ഭക്ഷ്യക്കമ്മീഷൻ ചെയർമാനേയും അംഗങ്ങളെയും നിയമിക്കുന്നതിന് നടപടികൾ ആരംഭിച്ചു. മൊത്തത്തിൽ പൊതുവിതരണം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് ഈ നടപടികൾ കൊണ്ട് കഴിയുന്നതാണ്.

(ബി) പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിലേക്കായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഇത്തരം നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുമ്പോഴുണ്ടാകാവുന്ന ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നതിനും ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമാണോയെന്ന് അറിയിക്കുമോ ;

(ബി) & (സി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടു കൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ റേഷൻ കടകൾ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്തു വരുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 07.01.17 ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻവ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യസാധന നിയമം എന്നിവ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

റേഷൻ കടകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന് പുറമേ ഉപഭോക്താക്കളുടെ പ്രതിമാസ റേഷൻവിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ് ആയി അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പേരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

| | | | |
|---|---|---|---|
| (ഡി) | നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. എൻ.എഫ്.എസ്.എ മേനംകുളം/മാവേലിക്കര തുടങ്ങിയ ഗോഡൗണുകളിലെ ഓഫീസർ ഇൻ ചാർജ്ജ്മാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിലും വകുപ്പ് വിജിലൻസ് തലത്തിലും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഇ) | ഭക്ഷ്യ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഇ) | ഭക്ഷ്യവകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പൊതു വിതരണ വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം വളരെ ശക്തമാണ്. ഫർക്കയിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്കിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ, ജില്ലയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ, രണ്ടു മേഖലകളിലായി ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, സംസ്ഥാനത്ത് റേഷനിംഗ് കൺട്രോളർ എന്നിങ്ങനെയാണ് വകുപ്പിലെ പരിശോധനാ സംവിധാനത്തിന്റെ രീതി. കൂടാതെ ഓണം പോലുള്ള ഉത്സവ സമയങ്ങളിൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ പരിശോധനാ വിഭാഗങ്ങൾ രൂപീകരിച്ച് കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. ഇ-പോസ് മുഖാന്തിരം റേഷൻവിതരണം ആരംഭിച്ചപ്പോൾ ഓരോ മാസവും സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഓരോ റേഷൻകട വീതം തെരഞ്ഞെടുത്ത് ടി കടയിലെ കാർഡുടമകളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തി ആയതിൻപ്രകാരം തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഫലമായി എട്ട് റേഷൻകടകളുടെ അംഗീകാരം കമ്മീഷണറേറ്റ് തലത്തിൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. ജില്ലകളിൽ 155 റേഷൻകടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 54 |
| കൊല്ലം | 31 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 8 |
| കോട്ടയം | 7 |
| ഇടുക്കി | 3 |
| എറണാകുളം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 8 |
| മലപ്പുറം | 11 |
| കോഴിക്കോട് | 14 |
| വയനാട് | 0 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 0 |

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ഡെപ്യൂട്ടി കൺട്രോളർമാർ വരെയുള്ള ഉദ്യോഗസ്ഥരുടെ യാത്രാ ഡയറി കൃത്യമായി അവലോകനം ചെയ്ത് തുടർനടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ